# P.T.A. EXICUTIVE



Mr. Shaji A.S. (President), Mr. C.D. Gopinathan (Vice President), Mr. Dipu John (Secratary), Mrs. Sreekala Ravindran (Join Secratary), Sr. Litty Xavier (Tresurer), Mr. Jose V. Cherry, Mrs. Sinu Bijesh, Mr. P.N. Devarajan, Mr. Patric N., Mr. Radhakrishnan, Mr. Abraham, Mrs. Syamala Devi, Mrs. Ponnamma Mathew, Sr. Ansa John, Mrs. Valsamma Philipose

**JOHN OF GOD MESSENGER**
News letter

Vol. 1
Issue 4
August 2007

**ST. JOHN OF GOD SPECIAL SCHOOL**
Annadivayal, Velloor p.o.
Pampady, Kottayam - 686501

Tel. +91 481 2373236, 2373006
Fax. +91 481 2371006
e-mail:
seldjohnofgodschool@yahoo.com
web: www.stjohnofgodcentre.org

**CHIEF EDITOR**

Mr. Dipu John


**EDITORIAL BOARD MEMBERS**

Bro. Johny Pullanithundathil
Sr. Litty Xavior SCJG
Sr. Ansa John SCJG
Mr. Joby Joseph MSW
Mr. Boby Mathew
Mrs. Sreekala Raveendran

**TYPE SETTINGS & PRINTING**
SR Graphics
Mass Tower, Viaskara, Kottayam-39
Tel : 0481 2301142

PRIVATE CIRCULATION ONLY





ബ്രദർ അഗസ്റ്റിൻ പോളപ്രയിൽ

*സമ്പൽസമൃദ്ധിയു
ടെയും ഐശ്വര്യ
ത്തിന്റെയും
ഉണർത്തുപാട്ടായി
വന്നെത്തുന്ന
തിരുവോണത്തിന്റെ
മംഗളങ്ങൾ
ഏവർക്കും
ആശംസിക്കുന്നു.*


സമത്വസുന്ദരമായ ഒരു നല്ല കാലത്തിന്റെ ഓർമ്മ പുതുക്കലാണ് ഓണം. കളവോ, ചതിയോ ഇല്ലാത്ത എവിടെയും സ്നേഹവും, സൗഹൃദവും, സമത്വവും കളിയാടിയിരുന്ന കാലത്തിന്റെ അനുവർത്തനം. ഒരു പുപുരാവൃത്തത്തോടു കെട്ടുപിണഞ്ഞു കിടക്കുന്ന ഈ ഓണ സങ്കല്പം സ്നേഹത്തിന്റെയും, പ്രത്യാശയുടെയും പ്രതീകമാണ്. കേരളമണ്ണിൽ നിറവിന്റെ ഗൃഹാതുരത്വം തെളിയിച്ചിരുന്ന ഓണക്കാലത്തിന് പുതിയ രൂപഭാവങ്ങൾ കൈവന്നു തുടങ്ങിയിരിക്കുന്നു. സമത്വവും സാഹോദര്യവും മലയാളിയുടെ മനസ്സിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് ഒതുങ്ങുന്നു. ഉള്ളവനും ഇല്ലാത്തവനും എന്ന രണ്ടു ധ്രുവങ്ങളിൽ ഈ സമത്വഭാവന വിലങ്ങണിയപ്പെടുന്നു.

ആഡംബരങ്ങളുടെയും, ഉത്സവങ്ങളുടെയും തിളക്കങ്ങളിൽ മാത്രം ഒതുങ്ങുന്നതാവരുത് നമ്മുടെ ഓണം. പഴയ തലമുറയിൽ നിറഞ്ഞുനിന്ന ഓണസങ്കല്പങ്ങളുടെ പൂവിളികളിലേയ്ക്കാണ് നാം തിരിഞ്ഞു നടക്കേണ്ടത്. എല്ലാവരും സന്തോഷവും സമാധാനവും കാംഷിച്ച് സഹോദരന്റെ മനസ്സിലെ നന്മയിലേയ്ക്ക് തിരി തെളിക്കുവാൻ മാവേലി മന്നന്റെ ഓർമ്മകൾ നമ്മെ നയിക്കട്ടെ. ഈ ഓർമ്മകൾ നൽകുന്ന മാതൃകയാവണം ഇന്നത്തെ സാമൂഹിക രാഷ്ട്രീയ മേഖലകളിലേയ്ക്ക് പ്രതിബിംബിക്കേണ്ടത്, ഈ ഓർമ്മകളുമായും മാതൃകകളുമായും തിരസ്കരണത്തിൽ നിന്നാണ്, അവകാശനിഷേധങ്ങളും, ന്യൂനപക്ഷപീഡനവും, രാഷ്ട്രീയ വിലപേശലുകളും മറ്റും ഉരുത്തിരിയുക. സ്വജനപക്ഷപാതത്തിന്റെ, രാഷ്ട്രീയാതിപ്രസരത്തിന്റെയും, അവകാശധ്വംസനങ്ങളുടെയും ഇരുട്ടറകളിൽ നിന്ന് ഓണനാളുകളിലെങ്കിലും വിരാമമുണ്ടാവട്ടെ.

ഓണനാളുകൾ പൊയ്പ്പോയ ഒരു നല്ല കാലത്തിന്റെ ഓർമ്മകൾ മാത്രമാവാതെ കൈവരുത്തേണ്ട ഒരു സംഭാവനയുടെ സൂചനകൂടിയാവണം. ഉദാത്തമായ ധാർമ്മിക മൂല്യങ്ങളും, സമൂഹിക ദർശനങ്ങളും കൊണ്ടു ധന്യമായ ഒരു ആദിമസംസ്കാരം വീണ്ടെടുക്കുവാൻ ഉപയുക്തമാവണം അപരന് വയ്ക്കുവാനുള്ള ത്യാഗത്തിന്റെയും, സ്നേഹത്തിന്റെയും മണ്ണും വിണ്ണും, മനുഷ്യനും, ദൈവവും കൈകോർക്കുന്ന ഒരു നല്ല നാളയുടെ സ്വപ്നം ഓണം നമ്മിലുണർത്തട്ടെ. സമ്പൽസമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും ഉണർത്തുപാട്ടായി വന്നെത്തുന്ന തിരുവോണത്തിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.



# പകർച്ചപ്പനിയും ആരോഗ്യപ്രശ്നങ്ങളും



**Dr. M. C. Ciriac BSc. MBBS**
Administrator, Christraj Hospital Ayarkunnam.

കേരളം ഒന്നാകെ പകർച്ചപ്പനി മൂലം നിസ്സഹായാവസ്ഥയിലെത്തിയ ഒരു കാലഘട്ടമാണ് നാം തരണം ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിനുമുമ്പ് പലതവണ പകർച്ചപ്പനി വന്നിട്ടുണ്ട് എങ്കിലും അന്നൊന്നും ഇത്രമാത്രം ആൾനാശമോ കെടുതിയോ ഉണ്ടാക്കിയിട്ടില്ല. നമ്മുടെ നാട്ടിൽ കേട്ടുകേൾവി പോലുമില്ലാത്ത ഒരുതരം വൈറൽ പനിയാണ് നമ്മെ ബാധിച്ചത്. കഴിഞ്ഞ വർഷം ആലപ്പുഴ ജില്ലയിൽ ബാധിച്ചു എങ്കിൽ ഇത്തവണ കോട്ടയം, പത്തനംതിട്ട, ഇടുക്കി, എറണാകുളം ജില്ലയിലാണ് കൂടുതലായി ബാധിച്ചത്. പ്രത്യേകിച്ച് പത്തനംതിട്ട, കോട്ടയം ജില്ലകളിൽ വലിയ പ്രതിസന്ധി ഉളവാക്കിയാണ് ഇപ്പോൾ താല്ക്കാലികമായി മാറിനിൽക്കുന്നത് എങ്കിലും പകർച്ചപ്പനിയുടെ കെടുതികൾ അനേകായിരങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

"ചിക്കൻഗുനിയ" എന്നാണ് പുതിയ പനിയുടെ പേര്. ഇതിന്റെ ഉത്ഭവം ആഫ്രിക്കൻ ഭൂഖണ്ഡത്തിലാണ്. പനി ബാധിച്ച ആളുകൾ വളഞ്ഞ് നടക്കുന്ന അനുഭവം ഉണ്ട്. ആഫ്രിക്കയിൽ കാണുന്ന ഒരു വൃക്ഷം ഇപ്രകാരം വളഞ്ഞ് നിൽക്കുന്നതിൽ നിന്നാണ് ഈ വൈറൽ പനിക്ക് "ചിക്കൻഗുനിയ" എന്ന പേര് വന്നത്. കേരളത്തെ സംബന്ധിച്ചും പല ഡോക്ടർമാരെ സംബന്ധിച്ചും ഈ രോഗം പുതിയ അനുഭവമായിരുന്നു. രണ്ട് മൂന്ന് ദിവസം കഠിനമായ പനി, തുടർന്ന് സന്ധിവേദന, ചിലർക്ക് കാൽ മുട്ടിനും കണ്ണയ്ക്കും വേദന, ചിലർക്ക് കൈവിരലിലെ സന്ധികൾക്ക്, നടക്കുമ്പോൾ വളഞ്ഞ് കുത്തിപ്പോകുന്നു. പലരും വടി ഉപയോഗിക്കേണ്ട അവസ്ഥ കാണുന്നു. ചിലർക്ക് സന്ധികളിൽ വീക്കം ഉണ്ടാകുന്നു. ചിലർക്ക് ശരീരം മുഴുവൻ ചൊറിച്ചിലും പൊട്ടി ഒലിക്കുന്ന അനുഭവവും, ചിലർക്ക് ചെവിക്ക് പുറകിൽ മുഴ, ചിലർക്ക് ഛർദ്ദി, വയറിളക്കം. ഏറ്റവും മാരകമായ സ്ഥിതി ചിലർ തലകറങ്ങിവീണ് അവശതയിലാകുന്നു. ഇത് സംഭവിക്കുന്നത് വൈറസ് ബാധമൂലം ഉണ്ടാകുന്ന വിഷബാധ ശരീരത്തിന്റെ രക്തസമ്മർദ്ദം പെട്ടെന്ന് താഴ്ത്തിക്കളയുന്നതുകൊണ്ടാണ്. തലച്ചോറിൽ ആവശ്യത്തിന് പ്രാണവായു എത്തിക്കുവാൻ രക്തവാഹിനികൾക്ക് സാധിക്കാതെ വരുമ്പോഴാണ് ഇങ്ങനെ സംഭവിക്കുന്നത്. അനേകരുടെ മരണകാരണം ഇങ്ങനെയുള്ള സംഭവങ്ങളാണ്. പ്രത്യേകിച്ച് എന്തെങ്കിലും രോഗമുള്ളവരെ ചിക്കൻഗുനിയ വളരെ പ്രതികൂലമായി പ്രവർത്തിച്ചിട്ടുണ്ട്. അതുകൊണ്ട് ചിക്കൻഗുനിയ ബാധിച്ചവർ വളരെ ജാഗരൂകരായിരിക്കേണ്ടത്. തലകറക്കം ഉണ്ടാകാതിരിക്കേണ്ടതിനാണ് കൂടുതൽ വെള്ളം കുടിക്കുന്നത് ഇതിന് ഒരു പ്രതിവിധിയാണ് മാത്രമല്ല, തലകറക്കമോ, ഛർദ്ദിയോ അനുഭവപ്പെട്ടാൽ രോഗി കിടക്കണം. അപ്പോൾ, അത്യാഹിതങ്ങൾ ഒഴിവാക്കാൻ സാധിക്കും. അങ്ങനെയുള്ളവർ എഴുന്നേൽക്കുമ്പോൾ ആരുടെയെങ്കിലും സാന്നിധ്യത്തിൽ എഴുന്നേൽക്കണം. കിടക്കയിൽ സാവധാനം എഴുന്നേറ്റ് കുറച്ച് സമയം ഇരിക്കണം പിന്നീട് കട്ടിലിൽ നിന്ന് കാൽ താഴെയിട്ട് കുറച്ച് സമയം ഇരിക്കണം. പിന്നീട് സാവധാനം എഴുന്നേൽക്കണം. രക്തസമ്മർദ്ദം പെട്ടെന്ന് താണുപോകാതെ ഇരിക്കുവാനാണ് നാം ഇപ്രകാരം ചെയ്യുന്നത്. തുടർന്ന് നടക്കുവാൻ പരിശ്രമിക്കാം പലപ്പോഴും തലകറങ്ങി വീഴുന്ന മനുഷ്യരെ പെട്ടെന്ന് ഉയർത്തുവാനുള്ള പരിശ്രമം അടുത്ത് നിൽക്കുന്നവർ കാണിക്കാറുണ്ട്. അത് അപകടമാണ്. തലകറങ്ങി വീഴുന്ന ഏതൊരാളെയും കുറച്ചുസമയം കിടക്കുവാൻ അനുവദിക്കുന്നതാണ് ഉത്തമം. ഇത് ആർക്കും ചെയ്യാവുന്ന പ്രഥമശുശ്രൂഷയാണ്. ഇങ്ങനെയുള്ള

രോഗികളെ എടുത്ത് വാഹനത്തിൽ കയറുമ്പോഴും കിടക്കുന്ന കിടക്കുന്ന പടിയിൽ തന്നെ എടുക്കുവാൻ പരിശ്രമിക്കണം.

ചിക്കൻഗുനിയ ഒരു വൈറസ് പരത്തുന്ന രോഗമാണ് അതിന്റെ രോഗണു ഈഡിസ് ഈജിപ്റ്റി എന്ന കൊതുകാണ് പരത്തുന്നത്. ഈ പ്രത്യേക കൊതുക് ശുദ്ധജലത്തിലാണ് മുട്ടയിടുന്നത്. സാധാരണ കൊതുകിനെപ്പോലെ വലിപ്പം ഇതിനില്ല. ഇത് കടിക്കുമ്പോൾ സാധാരണ അറിയാറില്ല. വൈകിട്ട് 4 മുതൽ 7 മണിവരെയുള്ള സമയത്താണ് ഈ കൊതുകുകൾ മനുഷ്യരുടെ രക്തം കുടിക്കുവാൻ വരുന്നത്. രോഗബാധിതമായ ഒരാളിൽ നിന്ന് രക്തം കുടിച്ച് വേറൊരാളെ കുത്തിയാൽ മൂന്നുദിവസ ത്തിനകം അയാൾക്ക് രോഗം ബാധിക്കും എന്നാണ് കണ്ടെത്തൽ അതുകൊണ്ടാണ് ഈ പകർച്ചപ്പനി ഇത്ര പെട്ടെന്ന് ഒരു ദേശത്തെ മുഴുവൻ ദയനീയാവസ്ഥ യിലാക്കിയത്.

ഇവിടെ ചില കാര്യങ്ങൾ വെളിപ്പെടുന്നു കൊതു കിന് വളരാനുള്ള ശുദ്ധജലം അനുവദിക്കാതിരിക്കുക പ്രത്യേകിച്ച് റബ്ബർ തോട്ടങ്ങൾ ഉള്ളിടത്ത് ചിരട്ടകളിൽ നിറയുന്ന വെള്ളത്തിൽ കൊതുക് മുട്ടയിടുന്നു. റബ്ബർ വെട്ടുകാർ ചിരട്ടെ എപ്പോഴും കമിഴ്ത്തി ഇടുവാൻ പരിശ്രമിച്ചാൽ കൊതുകു വളർച്ചയെ നിരോധിക്കാം. നമ്മുടെ വീടും പരിസരവും വെള്ളംകെട്ടക്കിടക്കുന്ന അവസ്ഥ ഒഴിവാക്കുക. പ്രത്യേകിച്ച് ടെറസുകളിൽ കരിയില വീണ് ഓവ് അടഞ്ഞ് വെള്ളം കെട്ടിക്കിട ക്കാറുള്ളത് നാം ആരും ശ്രദ്ധിക്കാറില്ല. ഇപ്രകാരമുള്ള ഏതെങ്കിലും സാഹചര്യങ്ങൾ കൊതുകിനു വളരാനുള്ള അവസരങ്ങൾ ഉണ്ടാക്കാറുണ്ടോ എന്നു മനസ്സിലാക്കി പ്രവർത്തിക്കുക. വൈകിട്ട് 4 മണി മുതൽ 7 മണിവരെ കൊതുകുകടി കൊള്ളാതിരിക്കുവാൻ പരിശ്രമിക്കുക. രോഗബാധിതരെ കൊതുകു വലയിൽ സംരക്ഷിക്കുക എന്നിങ്ങനെയുള്ള വിവേകപൂർണ്ണമായ പ്രവർത്തികളി ലൂടെ രോഗവ്യാപനം തടയുവാൻ സാധിക്കും.

രോഗത്തിന്റെ ലക്ഷണങ്ങൾ നാം മുമ്പ് പറഞ്ഞു വല്ലോ. ചികിത്സയിലേയ്ക്ക് വരുമ്പോൾ ഒരു കാര്യം





പ്രത്യേകം ഓർക്കേണ്ടത് എപ്പോഴും യോഗ്യതയുള്ള ഒരു ഡോക്ടറെ കണ്ട് ചികിത്സിക്കണം എന്നതാണ്. അങ്ങനെയെങ്കിൽ വളരെ അപകടങ്ങൾ ഒഴിവാക്കാൻ സാധിക്കും. ഓരോ രോഗിയേയും പരിശോധിച്ച് രോഗനിർണ്ണയം നടത്തിത്തന്നെവേണം ചികിത്സ ആരംഭിക്കുവാൻ അനാവശ്യമായി മരുന്നുകൾ മെഡിക്കൽ ഷോപ്പുകളിൽ നിന്ന് വാങ്ങി കഴിച്ച് വളരെ പ്രശ്നങ്ങൾ ഇങ്ങനെയുള്ള അവസരങ്ങളിൽ ഉണ്ടാകാരുണ്ട്. വൈറൽ പനി പലതിനും ശരിക്കുള്ള മരുന്നുകൾ ഇല്ല എന്നുവേണം പറയുവാൻ. രോഗിയെ എല്ലാ വിധത്തിലും സംരക്ഷിക്കുക എന്നതാണ് പ്രധാന ചികിത്സ. പനിയുള്ളപ്പോൾ സാധാരണയായി പാരസിറ്റമോൾ എന്ന ഗുളികയിലാണ് നാം നൽകുന്നത്. അതുപോലും ഒരു ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രം നൽകുക. ശരീരം ക്ഷീണിക്കാതെയിരിക്കുവാൻ ആവശ്യത്തിന് ജലവും, ഭക്ഷണവും നൽകുവാൻ ശ്രദ്ധിക്കണം. വൈറൽ പനിയോട് ചേർന്ന് മറ്റു രോഗ മുള്ളവർ പ്രത്യേകം ശ്രദ്ധിക്കേണ്ടത്. ഈയിടെ മരണം സംഭവിച്ച പലർക്കും ഇത്തരം രോഗമുള്ളവരായിരുന്നു.

പ്രതിസന്ധിഘട്ടങ്ങൾ മനുഷ്യ ജീവിതത്തിൽ സർവ്വ സാധാരണമാണ്. ഇവയെ തരണം ചെയ്യുവാൻ നമുക്കു കഴിയണം സമഗ്രമായ ഒരു ശുചീകരണപ്രക്രിയയിലൂടെ സമൂഹത്തെ ഇങ്ങനെയുള്ള പ്രതിസന്ധികളിൽ നിന്ന് ഒരു പരിധിവരെ സംരക്ഷിക്കുവാൻ കഴിയും. ശുചിത്വ ബോധം വ്യക്തിജീവിതത്തിലും കുടുംബജീവിത ത്തിലും സമൂഹത്തിലും നമുക്ക് വ്യാപരിപ്പിക്കുവാൻ കഴിയണം. ഒരു ശുചിത്വ ഭാരതത്തിനായ് നമുക്ക് ഉണർന്ന് പരിശ്രമിക്കാം. അഴുക്കുകൾ സംസ്കരിക്കു ന്നതിൽ നാം പ്രത്യേക ജാഗ്രത പാലിക്കണം. അന്യന് ദ്രോഹം വരുത്തുന്ന രീതിയിൽ നാം നമ്മുടെ പരിസര ത്തുള്ള അഴുക്കുകൾ സംസ്കരിക്കരുത്. മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അപ്രകാരം മറ്റുള്ളവരോടും പെരുമാറുക. എന്ന ദൈവവചനം ജീവിതത്തിൽ അന്വർത്ഥമാക്കിയാൽ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകും. ഒരു പകർച്ചപ്പനി വിമുക്ത കേരളത്തെ, ഭാരതത്തെ നമുക്ക് സ്വപ്നം കാണാം; ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

# DONATUS HOME



ബുദ്ധിമന്ദ്യം സംഭവിച്ചവർക്കുള്ള പ്രത്യേക വിദ്യാഭ്യാസം ഇന്ന് വളരെയേറെ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. പണ്ടുകാലത്ത് ബുദ്ധിമാന്ദ്യമുള്ളവർ സമൂഹത്തിൽ തിരസ്കരിക്കപ്പെട്ടിരുന്നു. എന്നാൽ പ്രത്യേക വിദ്യാഭ്യാസത്തിന്റെ കടന്നുവരവോടെ ഇവർ സമൂഹത്തിൽ വേണ്ടത്ര പ്രാധാന്യം നേടിക്കൊണ്ടിരിക്കുന്നു. ബുദ്ധമാന്ദ്യം സംഭവിച്ചവരുടെ സമഗ്രവികസനം ലക്ഷ്യമാക്കി സ്ഥാപിക്കപ്പെട്ട സ്ഥാപനമാണ് സെന്റ് ജോൺ ഓഫ് ഗോഡ് സെന്റർ. വിവിധ പ്രായത്തിലുള്ള വ്യക്തികൾ ഇവിടെ താമസിച്ച് പ്രത്യേക പരിശീലനം നേടുന്നു. ഇതിനായി സെന്ററിൽ ആറു ഹോമുകൾ പ്രവർത്തിക്കുന്നു. 12 വയസ്സു മുതൽ 18 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കായി പ്രവർത്തിക്കുന്ന ഭവനമാണ് Donatus Home.

സെന്റ് ജോൺ ഓഫ് ഗോഡ് സെന്ററിന്റെ പുരോഗതിയിൽ വളരെയേറെ സഹായിച്ച വ്യക്തിയാണ് ഹോസ്പിറ്റലർ ഓർഡർ ബ്രദേഴ്സിന്റെ ബവേറിയൻ പ്രവിൻസിന്റെ മുൻ പ്രൊവിൻഷ്യാൾ റവ. ബ്രദർ ഡൊണാത്തൂസ് വീഡർമാൻ. അദ്ദേഹത്തോടുള്ള ബഹുമാനസൂചകമായാണ് Donatus home എന്ന പേര് നൽകിയത്. 2003-ൽ ബഹുമാനപ്പെട്ട Br. Donatus തന്നെയാണ് ഹോമിന്റെ ഉത്ഘാടനവും നിർവ്വഹിച്ചത്.

12 നും 18 വയസ്സിനും ഇടയ്ക്കായി വിവിധതരത്തിൽ ബുദ്ധിമാന്ദ്യം സംഭവിച്ച 24 വിദ്യാർത്ഥികൾ ഈ ഭവനത്തിൽ താമസിക്കുന്നു. പ്രത്യേക വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യമായ സ്വയം പര്യാപ്തതയിലേയ്ക്ക് നയിക്കുന്ന വിധത്തിലുള്ള പരിശീലനം കുട്ടികൾക്കായി നൽകുന്നു. രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെയുള്ള സമയത്ത് കുട്ടികൾ സ്കൂളിൽ പ്രത്യേകപരിശീലനം നേടുന്നു. കുട്ടികളുടെ ദൈന്യംദിനകാര്യങ്ങളിൽ പരമാവധി സ്വയംപര്യാപ്തരാക്കുന്നതിനാവശ്യമായ പരിശീലനം ഡൊണാത്തൂസ് ഹോമിൽ നല്കുന്നു. കൂടാതെ ഇവരുടെ കലാകായിക വളർച്ചയ്ക്കാവശ്യമായ പരിശീലനവും ആദ്ധ്യാത്മികവളർച്ചയ്ക്കായി പ്രാർത്ഥനകളിലും കുട്ടികളെ പങ്കെടുപ്പിക്കുന്നു.

ഒരുവ്യക്തിയുടെ വളർച്ചയുടെ ഘട്ടത്തിലെ ഏറ്റവും പ്രധാന്യമർഹിക്കുന്നതാണ് കൗമാരപ്രായം. കൗമാരപ്രായത്തിലുള്ള വിവിധതരത്തിലുള്ള പ്രശ്നങ്ങൾ കുട്ടികളിൽ ഉണ്ടാക്കുന്നുവെങ്കിലും അവയെ ഫലപ്രദമായി തടയുതിനുള്ള പ്രത്യേക പരിഗണന കുട്ടികൾക്ക് നൽകുന്നു. ഏതൊരു വ്യക്തിക്കും എതുപോലെ സ്വന്തം സ്വപ്നങ്ങളും, ചെറുതെങ്കിലും അവരവരുടേതായ കാഴ്ചപ്പാടുകളും ചിന്തകളും ഉള്ള ഒരുകൂട്ടം നിഷ്കളങ്ക മനസുകളുടെ ചെറിയ ലോകമാണ് ഡോണാത്തൂസ് ഹോം.

വൈകല്യങ്ങളുടെ സങ്കീർണ്ണതകൾക്കിടയിലും ജീവിതത്തിന്റെ മരുപ്പച്ചയിലേയ്ക്കുള്ള പാതയിൽ രാവും പകലും സ്നേഹവാത്സല്യങ്ങളുടെ വഴിവിളക്കുകളാകുന്നു ഒരുകൂട്ടം സേവനസദ്ധർ ഡോണാത്തൂസ് വീട്ടിൽ. ഇൻ ചാർജ് ബോബി മാത്യുവിന്റെ നേതൃത്വത്തിൽ ബ്രദർ ഷൈലേന്ദർ, സുധി, ലിന്റു മരിയ, ജസ്ന, ലീലാമ്മ തുടങ്ങിയവരും കുട്ടികളുടെ പഠനപരിശീലന പദ്ധതികളിൽ പങ്കാളികളാവുന്നു.



# അപസ്മാരവും ബുദ്ധിമാന്ദ്യവും

**SUDHI BASHEER**
Special Educator

ലോകജനസംഖ്യയുടെ ഏകദേശം 3% ത്തോളം ആളുകൾ ബുദ്ധിമാന്ദ്യം എന്ന അവസ്ഥയെ അഭിമുഖീകരിക്കുന്നവരാണ്. ഇവരിൽ ഏകദേശം 40% ത്തോളം ആളുകളിലും അപസ്മാരം ഒരു അനുബന്ധ അവസ്ഥയായി കണ്ടുവരുന്നു. കഠിനവും (Severe), പൂർണ്ണവുമായി (Proformer) ബുദ്ധിമാന്ദ്യമുള്ള ആളുകളിൽ അപസ്മാരം മറ്റുള്ളവരിൽ നിന്നും കൂടുതലാണ്. പലപ്പോഴും ഇത്തരത്തിലുള്ള കുട്ടികളുടെ സംരക്ഷണം പലവിധ വെല്ലുവിളികൾ നിറഞ്ഞ മേഖലയാണ്.

## എന്താണ് അപസ്മാരം?

ആക്രമിക്കപ്പെടുക എന്നർത്ഥമുള്ള Epilepsia (എപ്പിലെപ്സിയാ) എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് എപ്പിലെപ്സി (അപസ്മാരം) എന്ന പദം ഉണ്ടായത്. പണ്ടു കാലങ്ങളിൽ അപസ്മാരം പിശാചുബാധയായും, അമാനുഷികശക്തികളുടെ പ്രവർത്തനഫലമായും മറ്റും തെറ്റിദ്ധരിക്കപ്പെട്ടിരുന്നു. ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിൽ ഇപ്പോഴും ഇത്തരത്തിലുള്ള തെറ്റിദ്ധാരണകൾ നിലനിൽക്കുന്നു. അതുകൊണ്ടു തന്നെ തെറ്റായ ചികിത്സാ രീതികളിലേയ്ക്കും അവഗണനകളിലേയ്ക്കും രോഗിയെ പണ്ടെന്നപോലെ ഇന്നും വലിച്ചിഴക്കാറുണ്ട്.

തലച്ചോറിലെ ഒരുകൂട്ടം നാഡീവ്യൂഹങ്ങൾ പുറപ്പെടുവിക്കുന്ന അസാധാരണരീതിയിലുള്ള വൈദ്യുതതരംഗങ്ങളാണ് പലപ്പോഴും അപസ്മാരത്തിന് കാരണമാകുന്നത്. ഭൂരിഭാഗം രോഗികളിലും തലച്ചോറിന് യാതൊരുതരത്തിലുള്ള അസാധാരണത്തവും കണ്ടെത്താൻ ഇന്നുവരെ സാധിച്ചിട്ടില്ല. വളരെ ചെറിയ ശതമാനം ആളുകളിൽ പ്രത്യേകിച്ചും ഇരുപത് വയസ്സിനുശേഷം അപസ്മാരം ഉണ്ടാകുന്ന വ്യക്തികളിൽ തലച്ചോറിനുള്ളിൽ റ്റ്യൂമറുകൾ, നാഡീവ്യൂഹങ്ങളുടെ നാശം എന്നിവ കണ്ടുവരാറുണ്ട്.

ഏതാണ്ട് 30% ആളുകളിൽ അപസ്മാരം ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ തലക്കേൽക്കുന്ന ക്ഷതങ്ങൾ, പ്രസവസമയത്ത് തലച്ചോറിന് ആവശ്യമുള്ള വായു കിട്ടാതിരിക്കുക, തലച്ചോറിനുള്ളിലെ രക്തസ്രാവം, തലച്ചോറിലുണ്ടാകുന്ന മുഴകൾ എന്നിവയാണ്. അതുപോലെതന്നെ അപസ്മാരം 30% ത്തോളം പാരമ്പര്യ ഘടകങ്ങൾകൊണ്ട് ലഭിക്കാം. അപസ്മാരമുള്ള മാതാപിതാക്കളിൽനിന്നും കുട്ടികളിലേയ്ക്ക് രോഗം കൈമാറാൻ സാധ്യത കൂടുതലാണ്.

## അപസ്മാരത്തിനുള്ള ചികിത്സ

വളരെ ലളിതമായ ചിലവുകുറഞ്ഞ രീതിയിലുള്ള ചികിത്സയിലൂടെ അപസ്മാരത്തിന്റെ ആക്രമണം തടഞ്ഞു നിർത്താനായി സാധിക്കും. അപസ്മാരത്തെ പ്രതിരോധിക്കത്തക്കവിധത്തിലുള്ള വിവിധതരം മരുന്നുകൾ ലഭ്യമാണ്. ഈ വിഷയത്തിൽ വിദഗ്ധരായ ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം മരുന്നുകൾ ഉപയോഗിക്കാവുന്നതാണ്. ബുദ്ധിമാന്ദ്യം ഉള്ള ആളുകളും, സാധാരണ ആളുകളും

ഏതാണ്ട് 30%
ആളുകളിൽ അപസ്മാരം
ഉണ്ടാകുന്നതിനുള്ള
കാരണങ്ങൾ തലക്കേൽക്കുന്ന
ക്ഷതങ്ങൾ, പ്രസവസമയത്ത്
തലച്ചോറിന് ആവശ്യമുള്ള
വായു കിട്ടാതിരിക്കുക,
തലച്ചോറിനുള്ളിലെ
രക്തസ്രാവം,
തലച്ചോറിലുണ്ടാകുന്ന
മുഴകൾ
എന്നിവയാണ്.



ഡോക്ടറുടെ നിർദ്ദേശപ്രകാരമുള്ള ചികിത്സാരീതികൾ കൃത്യമായി പിൻതുടരേണ്ടതുണ്ട്. ഉദാഹരണമായി ലഭിക്കുന്ന മരുന്നുകൾ കൃത്യമായി ഉപയോഗിക്കുന്നത് അപസ്പാരത്തിന്റെ തോത് കുറയ്ക്കുന്നതിന് സഹായിക്കും എന്നാൽ മരുന്ന് ഉപയോഗിക്കാതെ വന്നാൽ അപസ്മാരത്തിന്റെ തീവ്രത കൂടുകയും ചെയ്യുന്നു.

## പ്രഥമ ചികിത്സ

1. രോഗിയെ സ്വസ്ഥമായി നിലത്തു കിടത്തുക. മൂർച്ചയുള്ള വസ്തുക്കൾ രോഗിയുടെ സമീപത്തു നിന്നും മാറ്റുക.
2. ശരീരത്തിലുള്ള വസ്ത്രങ്ങൾ ശരിയായ രീതിയിൽ അയച്ചുകൊടുക്കുക.
3. രോഗിയുടെ വായിൽ നിന്നുവരുന്ന നുരയും പതയും പുറത്തേയ്ക്ക് പോകത്തക്ക വിധത്തിൽ വശങ്ങളിലേയ്ക്ക് ചരിച്ച് കിടത്തുക.
4. രോഗിയെ സ്വസ്ഥമായി കിടക്കുന്നതിന് അനുവദിക്കുക.

## അപസ്മാരം വരുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. പല്ലു കടിക്കാതിരിക്കാനായി കട്ടിയുള്ള വസ്തുക്കൾ വായ്ക്കുള്ളിൽ വയ്ക്കാൻ പാടില്ല.
2. രോഗിയുടെ ചുറ്റും ആളുകൾ കൂടി നൽക്കാതിരിക്കുക (വേണ്ടത്ര വായു കിട്ടാൻ അനുവദിക്കുക)
3. ഈ സമയത്ത് വെള്ളമോ മറ്റ് ദ്രാവകപഥാർത്ഥങ്ങളോ നല്കാതിരിക്കുക.
4. മുഖത്ത് വെള്ളം തളിക്കാൻ പാടില്ല.
5. കൈകാലുകളിൽ ബലം കൊടുത്ത് പിടിച്ച് കിടത്താൻ ശ്രമിക്കരുത്.

## ഡോക്ടറുടെ സഹായങ്ങൾ ആവശ്യമുള്ള സന്ദർഭങ്ങൾ

1. ആവർത്തിച്ച് അപസ്മാരം ഉണ്ടായാൽ
2. രോഗിക്ക് മുറിവുണ്ടായാൽ
3. രോഗി വളരെ സമയം അബോധാവസ്ഥയിലായാൽ
4. ആദ്യമായി അപസ്മാരം ഉണ്ടാകുമ്പോൾ

## അപസ്മാര രോഗികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ഡോക്ടറുടെ നിർദ്ദേശപ്രകാരമുള്ള മരുന്നുകൾ മുടങ്ങാതെ കഴിക്കുക.
2. താമസിച്ച് ഉറങ്ങുന്ന ശീലം ഒഴിവാക്കുക.
3. ഭക്ഷണം യഥാസമയങ്ങളിൽ കഴിക്കുക.
4. കഠിനമായ പനിയുണ്ടാകുമ്പോൾ ഡോക്ടറെ സന്ദർശിക്കുക.
5. പരമാവധി വെള്ളം, തീ തുടങ്ങിയവയോട് ഇടപെടുന്ന വിധത്തിലുള്ള ജോലികൾ ഒഴിവാക്കുക.
6. ഒരു ഡയറിയിൽ അപസ്മാരം ഉണ്ടാകുന്നത് രേഖപ്പെടുത്തിവയ്ക്കുക.
7. ആവശ്യമായ മരുന്നുകൾ മുൻകൂട്ടി കരുതിവയ്ക്കുക
8. വാഹനങ്ങൾ ഓടിക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കുക. തനിയെ വെള്ളത്തിൽ നീന്താതിരിക്കുക.

അപസ്മാരം ഒരിക്കലും അവഗണിക്കാൻ പാടില്ല. ശരിയായ ചികിത്സ ലഭിച്ചില്ല എങ്കിൽ തലച്ചോറിന് വിവിധ തകരാറുകൾ ഉണ്ടാവാൻ സാധ്യത കൂടുതലാണ്. കുട്ടികളിൽ ഉണ്ടാകാവുന്ന അപസ്മാരം യഥാവിധി ചികിത്സിച്ചില്ല എങ്കിൽ ബുദ്ധിമാന്ദ്യം ഉണ്ടാകുന്നതിന് സാധ്യതതയുണ്ട്. അതിനാൽ പ്രത്യേകരീതിയിലുള്ള പരിഗണന ഇവർക്ക് നൽകാൻ ശ്രമിക്കുക.

# സൗഖ്യദായകന്റെ പിന്നാലെ...

**ഫാ. ഫ്രാൻസീസ് മണ്ണാപറമ്പിൽ എസ്.എ.സി.**



**ജോ**ൺ സ്വീഡാസ് എന്ന വ്യക്തിയെ അടുത്തറിയാൻ നാം ശ്രമിക്കും തോറും ഒത്തിരി ഏറെ ചോദ്യങ്ങൾ അവശേഷിക്കുകയാണ്. എട്ടാമത്തെ വയസ്സിൽ വീട് വിട്ട് ഇറങ്ങിയ ജോൺ 10,20 വർഷക്കാലം വിനീതമായ ആട്ടിടയന്റെ ജോലി ഏറ്റെടുക്കുന്നു. വളരെ പെട്ടെന്നിതാ ഒരു പട്ടാളക്കാരന്റെ വേഷവും. വിചിത്രമായൊരു തീരുമാനം വളരെ വ്യത്യസ്തമായൊരു ജീവിതശൈലി. അതാണ് ജോൺ! ഉള്ളിൽ വരുന്ന തീവ്രമായ ആഗ്രഹങ്ങളെ അതിവേഗം പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നൊരു പ്രകൃതം. അനിശ്ചിതമായതിനെ ധീരമായി ആശ്ലേഷിക്കുന്ന സ്വഭാവം. ഉള്ളിന്റെ ഉള്ളിലെ അടക്കാനാവാത്ത ക്രിയാത്മതയും സ്വാതന്ത്ര്യാവാഞ്ചയും അനിശ്ചിതത്വവും.

യുദ്ധത്തിൽ പട്ടാളക്കാരനായി ഓറോപ്ലേസായി നിന്നുള്ള കൂട്ടുകാരോടൊപ്പം 1523-ൽ 28-ാമത്തെ വയസ്സിൽ ജോൺ ജീവിത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലുന്നു. ഇറസിനോസിന്റെ ഭാഷയിൽ "മനുഷ്യനെ എന്നതിനേക്കാൾ വന്യമൃഗങ്ങൾക്ക് യോജിച്ചതാണ് എന്നു പറയാൻതക്ക ക്രൂരവും ഹീനവുമാണ് യുദ്ധം". ചുറ്റും ചിന്നഭിന്നമായ മനുഷ്യശരീരങ്ങൾ വേദനയുടെ നിലവിളി ഭയാനകമായ അന്തരീക്ഷം വിജയകാഹളം പരാജയത്തിന്റെ തേങ്ങലുകൾ! ആവേശത്തോടുകൂടിത്തന്നെ ജോൺ പട്ടാളക്കാരന്റെ ജോലി നിർവ്വഹിച്ചു. കുത്തഴിഞ്ഞ പതിനാറാം നൂറ്റാണ്ടിന്റെ പട്ടാളക്കാരന്റെ അധാർമ്മികത ജോണിനെ ഒത്തിരി സ്വാധീനിച്ചു. എങ്കിലും വിശ്വാസം സംരക്ഷിക്കുവാനും മാതാവിനോടുള്ള ഭക്തി നിലനിർത്തുവാനും മയോന്റെ കുടുംബത്തിൽ നിന്നു ലഭിച്ച പരിശീലനം അദ്ദേഹത്തെ സഹായിച്ചു.

ജോണിന്റെ പട്ടാള ജീവിതത്തെ മാറ്റിമറിച്ച മരണത്തെ മുഖാമുഖം കണ്ട രണ്ടനുഭവങ്ങൾ! ഫ്യൂന്റേറേസ്യ എന്ന സ്ഥലത്ത് യുദ്ധം നടക്കുന്നതിനിടയിലാണ് അത് സംഭവിച്ചത്. തൊട്ടടുത്തുള്ള ഫ്രഞ്ചുക്യാമ്പിനു സമീപം അവരുടെ നീക്കങ്ങൾ നിരീക്ഷിക്കുന്ന ശ്രമകരമായ ദൗത്യത്തിലായിരുന്നു ജോൺ തന്റെ കൂട്ടുകാർക്ക് ഭക്ഷണവുമായി കുതിരപ്പുറത്ത് സവാരി ചെയ്തു തിരിച്ചു വരുന്ന സമയം പരിചിതമല്ലാത്ത സ്ഥലത്ത് കുതിര വിരണ്ടോടി. ജോൺ കല്ലിൻ കൂട്ടത്തിലേയ്ക്ക് തലകുത്തി വീഴുന്നു. ദേഹമാസകലം മുറിവേറ്റ് ബോധം നശിച്ച് ശത്രുപാളയത്തിനടുത്ത് കിടന്ന മണിക്കൂറുകൾ, ബോധം തിരിച്ചു കിട്ടിയ ജോൺ അപകടത്തിന്റെ ഗൗരവം മനസ്സിലാക്കുന്നു. പരിശുദ്ധമാതാവിനെ വിളിച്ച് ജോൺ കേണപേക്ഷിച്ചു. മാതാവിന്റെ പ്രത്യേക അനുഗ്രഹത്താൽ ജോൺ ശത്രുക്കളുടെ കൈകളിൽ നിന്നും ഒരുവിധം രക്ഷപെട്ട് കൂട്ടുകാരുടെ സമീപത്ത് എത്തുന്നു. നീണ്ട പരിചരണം ആവശ്യമായി വന്നു ജോണിന് സുഖം പ്രാപിക്കുവാൻ.

ഇതിലും മാരകമായിരുന്നു ഫ്യൂന്റേറാസ്യയിൽ വച്ചു നടന്ന അടുത്ത സംഭവം. ഫ്രഞ്ചുകാരിൽ നിന്നും പിടിച്ചെടുത്ത സാധനങ്ങളുടെ സൂക്ഷിപ്പു ചുമതലയായിരുന്നു ജോണിന്. വളരെ ഉത്തരവാദിത്വത്തോടും ഉത്സാഹത്തോടും കൂടി ജോൺ ആ ജോലി നിർവ്വഹിച്ചുവെങ്കിലും എങ്ങനെയോ സൂക്ഷിച്ചിരുന്ന സാധനം മുഴുവൻ കളവുപോയി. ഈ സംഭവമറിഞ്ഞ സൈനികമേധാവി കോപിഷ്ഠനായി ജോലിയിൽ വീഴ്ചവരുത്തിയ ജോണിനെ തൂക്കിലേറ്റാൻ അയാൾ ആജ്ഞാപിച്ചു. ജോണിന്റെ കണ്ണിൽ ഇരുട്ടു കയറി. ദൈവമേ ഇതെന്തൊരു പരീക്ഷണം. താൻ താലോലിച്ച സ്വപ്നങ്ങളൊക്കെയും തകരുകയാണോ ദൈവത്തിന്റെ പദ്ധതിയും പരിപാലനയുമൊക്കെ എവിടെ എന്ന് ചിന്തിച്ച് ജോൺ ഒരു നിമിഷം പ്രാർത്ഥനാനിരതനായി.